No.CEE/2597/2007/TA4

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ശാന്തി നഗർ, തിരുവനന്തപുരം**

# പത്രക്കുറിപ്പ്

## മെഡിക്കൽ പി.ജി (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രത്യേക സീറ്റ് അലോട്ടുമെന്റും അഡ്മിഷനും- 2007

2007 വർഷത്തെ പി.ജി മെഡിക്കൽ കോഴ്സുകളിലേയ്ക്ക് മേയ് മാസത്തിൽ നടത്തിയ ഓൺ-ലൈൻ അലോട്ടുമെന്റിൽ വിവിധ ഡിഗ്രി/ഡിപ്ലോമ കോഴ്സുകളിലേയ്ക്ക് അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനം നേടാതിരുന്നതു മൂലം ആകെ 53 സീറ്റുകൾ ഒഴിവു വന്നിരുന്നു. ഇപ്രകാരം ഒഴിവു വന്ന സീറ്റുകൾ നികത്തുന്നതിനാവശ്യമായ അനുമതിയ്ക്ക് വേണ്ടി കേരള സർക്കാർ ബഹു. സുപ്രീം കോടതിയെ സമീപിച്ചിരുന്നു. മേൽപറഞ്ഞ സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികളെ പരിഗണിക്കുവാനും അർഹരായ വിദ്യാർത്ഥികൾക്ക് അലോട്ടുമെന്റ് നൽകി 20-09-2007-നകം അഡ്മിഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും വേണ്ടി അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിന് ബഹു.സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒഴിവുള്ള 53 പി.ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) സീറ്റുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ടുമെന്റ് പ്രവേശന പരീക്ഷാ കമ്മീഷണർ 2007 സെപ്റ്റംബർ 16-ാം തീയതി രാവിലെ 9.30 മണിക്ക് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിന്റെ പിൻഭാഗത്തുള്ള അദ്ധ്യാപകഭവനിൽ വച്ച് നടത്തുന്നതായിരിക്കും. ഇതേ ദിവസം തന്നെ അഡ്മിഷൻ നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. കോഴ്സുകളുടെ വിശദാംശങ്ങൾ **"cee-kerala.org"** എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

2007ലെ പി.ജി മെഡിക്കൽ പ്രവേശന പരീക്ഷയിലെ റാങ്ക് ലിസ്റ്റിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഈ കേന്ദ്രീകൃത അലോട്ടുമെന്റിൽ നേരിട്ട് പങ്കെടുക്കാവുന്നതാണ്. 2007 ഏപ്രിൽ മാസം 15, മേയ് 24, 29 എന്നീ തീയതികളിൽ നടത്തിയ അലോട്ടുമെന്റുകളിൽ പ്രവേശനം ലഭിച്ചവർക്കും ഈ അലോട്ടുമെന്റിൽ പങ്കെടുക്കാവുന്നതാണ്. അലോട്ടുമെന്റിന് വിദ്യാർത്ഥികളുടെ പ്രതിനിധികളെ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. അലോട്ടുമെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ താഴെ പറഞ്ഞിരിക്കുന്ന അസ്സൽ രേഖകൾ/സർട്ടിഫിക്കറ്റുകൾ നിർബ്ബന്ധമായും കൊണ്ടുവരേണ്ടതാണ്.

**അലോട്ടുമെന്റ് കേന്ദ്രത്തിൽ ഹാജരാക്കേണ്ടുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകൾ/രേഖകൾ:**

(i) പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്

(ii) ജനനതീയതി തെളിയിക്കുന്നതിനായി SSLC/തത്തുല്യ സർട്ടിഫിക്കറ്റ്

(iii) എം.ബി.ബി.എസ് ഡിഗ്രി/പാസ്സ് സർട്ടിഫിക്കറ്റ്

(iv) ടി.സി മെഡിക്കൽ കൗൺസിലിന്റെ പെർമനന്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

(v) സി.ആർ.ആർ.ഐ സർട്ടിഫിക്കറ്റ്

(vi) പ്രോസ്പെക്ടസ്സിൽ ക്ലോസ് VI(b) പ്രകാരമുള്ള സ്പെഷ്യൽ റിസർവേഷൻ ക്ലെയിം ചെയ്തിട്ടുള്ളതിന്റെ സർട്ടിഫിക്കറ്റ്

(vii) കേരളത്തിനു വെളിയിൽ വിദ്യാഭ്യാസ യോഗ്യത (എം.ബി.ബി.എസ് ബിരുദം) നേടിയിട്ടുള്ളവർ, കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും ലഭിച്ച യോഗ്യതാ/തുല്യതാ സർട്ടിഫിക്കറ്റ്

ഇവർ പ്രോസ്പെക്ടസ്സിലെ IV-ാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം വിദ്യാഭ്യാസ യോഗ്യത, വയസ്സ് മുതലായവ തെളിയിക്കേണ്ടതാണ്. നിശ്ചിത യോഗ്യതയില്ലാത്ത വിദ്യാർത്ഥികളെ സീറ്റ് അലോട്ടുമെന്റിന് പരിഗണിക്കുന്നതല്ല. സീറ്റ് അലോട്ടുമെന്റ് സംബന്ധിച്ച് വ്യക്തിഗത മെമ്മോ അയയ്ക്കുന്നതല്ല. വിദ്യാർത്ഥികൾ സ്വന്തം ചെലവിൽ അലോട്ടുമെന്റ് കേന്ദ്രത്തിൽ നിശ്ചിത സമയത്തിന് അരമണിക്കൂർ മുമ്പായി എത്തിചേർന്നിരിക്കണം.

അലോട്ടുമെന്റിന് ലഭ്യമായിട്ടുള്ള 17 പി.ജി ഡിഗ്രി സീറ്റുകളിലേയ്ക്കും, 36 പി.ജി ഡിപ്ലോമ സീറ്റുകളിലേയ്ക്കും റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും അലോട്ടുമെന്റ് നടത്തുക. വിവിധ കോഴ്സുകളിലേയ്ക്കുള്ള അലോട്ടുമെന്റ് സീറ്റിന്റെ ലഭ്യതയനുസരിച്ചായതിനാൽ വിദ്യാർത്ഥികൾക്ക് അലോട്ടുമെന്റ് സമയത്തുള്ള സീറ്റുകളുടെ ലഭ്യതയും റാങ്കും അനുസരിച്ച് സീറ്റുകൾ അലോട്ടു ചെയ്യുന്നതാണ്.

സീറ്റ് അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സിന് പ്രോസ്പെക്ടസ്സിൽ പറഞ്ഞിട്ടുള്ള എല്ലാ ഫീസും അലോട്ടുമെന്റ് കേന്ദ്രത്തിൽ തന്നെ അടയ്ക്കണം. എസ്.സി/എസ്.ടി വിഭാഗം വിദ്യാർത്ഥികൾ ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് സ്വീകരിക്കുന്ന പക്ഷം കോഷൻ ഡെപ്പോസിറ്റ് ആയ 1000/- രൂപ അലോട്ടുമെന്റ് കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. ഫീസ് അടയ്ക്കാത്ത ആർക്കും സെലക്ഷൻ മെമ്മോ നൽകുന്നതല്ല. മുൻഅലോട്ടുമെന്റിൽ പങ്കെടുത്ത് സീറ്റ് ലഭിക്കുകയും ഫീസ്/കോഷൻ ഡെപ്പോസിറ്റ് അടയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ തുക ഈ അലോട്ടുമെന്റിൽ പരിഗണിക്കുന്നതാണ്.

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 16-09-2007നു അലോട്ടുമെന്റു കേന്ദ്രത്തിൽ വെച്ചുതന്നെ അഡ്മിഷൻ നൽകുന്നതാണ്. ഈ നടപടികൾക്കായി എല്ലാ മെഡിക്കൽ കോളേജിലെയും പ്രിൻസിപ്പൽമാർ അടക്കമുള്ള പ്രതിനിധികൾ അലോട്ടുമെന്റ് കേന്ദ്രത്തിൽ തന്നെ ഹാജരായിരിക്കുന്നതാണ്. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സിലെ ക്ലോസ് XIII(2) പ്രകാരമുള്ള ബോണ്ട് ഏഴു ദിവസത്തിനകം സമർപ്പിക്കുമെന്ന് ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
11-09-2007